LIBRARY ARCHIVES Kerala Legislative Assembly

ചെങ്കറിഞ്ഞി മരങ്ങളുടെ വംശനാശം തടയാൻ നടപടി

114 [2987] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

,, എൻ. ഡി. അപ്പച്ചൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലൂട്ടോ ട്രാവൻകോറിയ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ചെങ്കറിഞ്ഞി മരങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാം കാണപ്പെടുന്നു; ഇവയുടെ എണ്ണം ചുരുങ്ങി വംശനാശം നേരിടുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ വംശനാശം തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഗ്ലൂട്ടോ ട്രാവൻകോറിയ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ചെങ്കറിഞ്ഞി മരങ്ങൾ സംസ്ഥാനത്ത് ആര്യങ്കാവ് റെയിഞ്ചിലെ രാജാകുപ്പ്, റോസ്മല ഭാഗങ്ങളിലും കുളത്തൂപ്പുഴ റെയിഞ്ചിലെ തേക്കുമല, ശങ്കിലി ഭാഗങ്ങളിലും പൊൻമുടി ബീറ്റിലെ ചില ഭാഗങ്ങളിലും പേപ്പാറ ഭാഗങ്ങളിലും കാണപ്പെടുന്നു. ഈ വൃക്ഷം എണ്ണത്തിൽ കുറവാണെങ്കിലും വംശനാശം നേരിടുന്നില്ല.

(ബി) ഈ സസ്യഇനത്തിന്റെ മേൽത്തരം മരങ്ങളിൽ നിന്നും വിത്തുശേഖരണം നടത്തി നിത്യഹരിത വനങ്ങളിൽ വച്ചുപിടിപ്പിക്കുന്നതുവഴി ഇവയുടെ അപൂർവ്വത മാറ്റുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്.

കൊല്ലം ജില്ലയിലെ ഡിപ്പോ വാച്ചർ/റിസർവ്വ് വാച്ചർ തസ്തികയിലെ നിയമനം

115 [2988] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 2002 സെപ്റ്റംബർ 4-ാം തീയതി നിലവിൽ വന്ന വനം വകുപ്പിലെ ഡിപ്പോ വാച്ചർ/റിസർവ്വ് വാച്ചർ തസ്തികയിലെ പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും ഓരോ സംവരണ വിഭാഗത്തിനും നൽകിയിട്ടുള്ള നിയമനത്തെ സംബന്ധിച്ചും തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര എൻ.ജെ.ഡി. ഒഴിവുകളുണ്ടെന്നറിയിക്കുമോ;

(സി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്നും അറിയിക്കുമോ;

(ഡി) ഈ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്നവരെ പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡിപ്പോ വാച്ചർ വിഭാഗത്തിൽ 15 പേരും റിസർവ്വ് വാച്ചർ വിഭാഗത്തിൽ 18 പേരും. ഇതിൽ 18 പേർ സംവരണവിഭാഗത്തിലും 15 പേർ ഓപ്പൺ മെരിറ്റ് വിഭാഗത്തിലുമാണ്. സംവരണ വിഭാഗത്തിൽ നിയമിച്ചവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	ഡിപ്പോ വാച്ചർ	റിസർവ് വാച്ചർ
മുസ്ലീം ..	3	2
ഈഴവ ..	2	2
എസ്. സി. ..	1	1
മറ്റു ക്രൈസ്തവാനികൾ ..	1	1
ഒ.ബി.സി. ..	1	1
ധീവര ..	1	..
എസ്. റ്റി. ..	..	1
നാടാർ ..	..	1
ആകെ ..	9	9

(ബി) ഒന്നുമില്ല.

(സി) ഇപ്പോൾ രണ്ട് ഡിപ്പോ വാച്ചർ തസ്തികകൾ ഒഴിവുണ്ട്. അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) താൽക്കാലിക അടിസ്ഥാനത്തിൽ ആരും ജോലി നോക്കുന്നില്ല.

ശബരിമല വികസനത്തിനുള്ള വനഭൂമി

116 [2989] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭൂമി ദേവസ്വം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly